# ബി.ജെ.പി അധ്യക്ഷൻ ശ്രീ. രാജ്നാഥ് സിംഗിന്റെ പ്രസ്താവന

**2013 മെയ് 11, ന്യൂഡൽഹി**

**കൊടിയ അഴിമതിയും മൂടിവയ്ക്കൽ ശ്രമങ്ങളും**

വൻ കുംഭകോണങ്ങൾക്ക് കുപ്രസിദ്ധമായിക്കഴിഞ്ഞിരിക്കുന്നു യു.പി.എ സർക്കാർ. 550 ട്രില്യൺ രൂപയിലേറെ വരുന്ന കുംഭകോണങ്ങൾ നടത്തിക്കഴിഞ്ഞ ഈ സർക്കാരാണ് സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും അഴിമതി നിറഞ്ഞ സർക്കാർ. ഭരണത്തിലിരിക്കുന്ന സർക്കാർ കെട്ടഴിച്ചു വിട്ടിരിക്കുന്ന അഴിമതി രാജ്യത്തെ ഭരണസംവിധാനത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായിരിക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, അഴിമതിക്കാരെ അവസാന നിമിഷം വരെയും സംരക്ഷിക്കുകയും, നിവൃത്തിയില്ലെന്ന ഘട്ടത്തിലെത്തുമ്പോൾ മാത്രം നിസാര നടപടിയെടുക്കുകയുമാണ് സർക്കാരിന്റെ രീതി.

അഴിമതിക്കും അനുചിത നടപടികൾക്കും ആരോപണ വിധേയരായ ര് കേന്ദ്രമന്ത്രിമാർ കഴിഞ്ഞ രാത്രി രാജി വച്ചു. ഈ മന്ത്രിമാരെ യഥാസമയം പുറത്താക്കാൻ പ്രധാനമന്ത്രി തയ്യാറായിരുന്നെങ്കിൽ പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തെ നിസാരമായി രക്ഷിക്കാമായിരുന്നു. 'ഭക്ഷ്യസുരക്ഷാ ബിൽ', 'ഭൂമി ഏറ്റെടുക്കൽ ബിൽ' എന്നിവയുൾപ്പെടെ സുപ്രധാനമായ പല ബില്ലുകളും പാർലമെന്റിൽ ചർച്ച ചെയ്ത് പാസാക്കാനുള്ള അവസരമാണ് നിഷേധാത്മക നിലപാടിലൂടെ യു.പി.എ പാഴാക്കിയത്.

റെയിൽവേ മന്ത്രിയെ രക്ഷിക്കാൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നടത്തിയ ശ്രമത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ജനങ്ങളിൽ നിന്ന് ഉയരുന്നു്. റെയിൽവേ മന്ത്രി സ്ഥാനമൊഴിയേി വരുമെന്ന് അറിയാമായിരുന്നിട്ടും അദ്ദേഹത്തെ രക്ഷിക്കാൻ പ്രധാനമന്ത്രി ശ്രമിച്ചതെന്തിനാണ്? നീ 17 വർഷത്തിനു ശേഷം റെയിൽവേ വകുപ്പ് കോൺഗ്രസിന് ലഭിച്ചപ്പോൾ നാം കത് വൻ യാത്രാ നിരക്കു വർധനയും മന്ത്രാലയത്തിലെ സുപ്രധാന സ്ഥാനങ്ങളിലേക്കുള്ള നിയമനത്തിലെ കൂറ്റൻ അഴിമതിയുമാണ്.

**മുഴുവൻ സംവിധാനവും അപകടത്തിൽ**

സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനെ (സി.ബി.ഐ) സർക്കാരിന്റെ 'കൂട്ടിലെ തത്ത'യെന്നു വിളിച്ച സുപ്രീം കോടതിയുടെ പരാമർശം ജനശ്രദ്ധയിൽ കൊുവരാൻ ബി.ജെ.പി ആഗ്രഹിക്കുന്നു. 'കോൾഗേറ്റ്' കുംഭകോണം സംബന്ധിച്ച അന്വേഷണ പുരോഗതി റിപ്പോർട്ട് നേരിട്ട് തങ്ങൾക്ക് സമർപ്പിക്കണമെന്ന് സുപ്രീം കോടതിയുടെ ഉത്തരവുായിട്ടും സി.ബി.ഐക്ക് നിയമ മന്ത്രിയുമായും പ്രധാനമന്ത്രിയുടെ ഓഫീസുമായും മറ്റ് ഉദ്യോഗസ്ഥരുമായും അത് ചർച്ച ചെയ്യേി വന്നു. ശ്രീ. അശ്വിനി കുമാറും പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥരുമാണ് റിപ്പോർട്ട് തങ്ങൾക്കു സമർപ്പിക്കാൻ സി.ബി.ഐയെ നിർബന്ധിച്ചത്. നിയമ സംവിധാനത്തെ വഴിതെറ്റിക്കാൻ യു.പി.എ സർക്കാർ നടത്തിയ ഈ ശ്രമത്തെ അത്യന്തം ഗൗരവത്തോടെ കാണണം. മൊത്തം സംവിധാനത്തിന്റെയും സത്യസന്ധത, വിശ്വാസ്യത എന്നിവ സംബന്ധിച്ചും ഈ സംഭവം ഒട്ടേറെ ഗൗരവമേറിയ ചോദ്യങ്ങൾ ഉയർത്തുന്നു്. നീതി നിർവഹണ സംവിധാനത്തിന്റെ അന്തസ് ഉയർത്തിപ്പിടിക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ കാതലെന്ന കാര്യം നാം മറക്കരുത്.

സുപ്രീം കോടതിയുടെ നിരീക്ഷണത്തോടെ നിയമ മന്ത്രിക്കു മാത്രമല്ല പ്രധാനമന്ത്രിക്കും തൽസ്ഥാനത്തു തുടരാനുള്ള അവകാശം നഷ്ടമായിരിക്കുന്നു. പ്രധാനമന്ത്രി നേരിട്ട് കൽക്കരി മന്ത്രാലത്തിന്റെ ചുതമല വഹിച്ച കാലഘട്ടവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ 'ഹൃദയ'മാണ് നിയമമന്ത്രിയും ഉദ്യോഗസ്ഥരും ചേർന്ന് തിരുത്തിയത്. സി.ബി.ഐ റിപ്പോർട്ടിനെ സ്വാധീനിച്ചതിന് ശ്രീ. അശ്വിനി കുമാർ രാജിവച്ച് ഒഴിയേ വന്നെങ്കിൽ പ്രധാനമന്ത്രിയുടെ ഓഫീസിനെ ഉത്തരവാദിത്വത്തിൽ നിന്ന് എന്തിന് ഒഴിവാക്കണം?

2 ജി കുംഭകോണമായാലും 'കോൾഗേറ്റ്' ആയാലും പ്രധാനമന്ത്രിയുടെ ഓഫീസ് ഏറെക്കാലമായി സംശയത്തിന്റെ കരിനിഴലിലാണ്. 'റിപ്പോർട്ടിന്റെ ഹൃദയം' തിരുത്തിയതിലൂടെ പ്രധാനമന്ത്രിയെ സംരക്ഷിക്കാനാണ് സർക്കാർ വിഫല ശ്രമം നടത്തിയത്. പക്ഷേ, അശ്വിനികുമാറിന്റെ രാജിയോടെ സർക്കാരിന്റെ മുഴുവൻ ഇടപെടലുകളും വെളിച്ചത്തു വന്നിരിക്കുകയാണ്.

പ്രധാനമന്ത്രിയിൽ നിന്ന് ശ്രദ്ധ തിരിക്കാനായായി ശ്രീ. അശ്വിനികുമാറിനെയും ശ്രീ. പവൻകുമാർ ബൻസലിനെയും ബലിയാടാക്കുകയായിരുന്നു എന്ന് ബി.ജെ.പി വിശ്വസിക്കുന്നു.

പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നിയമമന്ത്രി എന്തിന് സി.ബി. ഐയുടെ കോൾഗേറ്റ് റിപ്പോർട്ട് തിരുത്തി?

പ്രധാനമന്ത്രി നേരിട്ട് കൽക്കരി മന്ത്രാലയം കൈകാര്യം ചെയ്തിരുന്നപ്പോൾ കൽക്കരി പാടങ്ങൾ അനുവദിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ മറച്ചുവയ്ക്കാനുള്ള ശ്രമമായിരുന്നില്ലേ അത്?

2ജി സ്പെക്ട്രം അഴിമതി അന്വേഷിക്കുന്ന സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) എന്തുകൊ് ശ്രീ. എ. രാജയെ തങ്ങൾക്കു മുന്നിൽ മൊഴി നൽകാൻ അനുവദിക്കുന്നില്ല?

പി.എ.സിക്കു മുമ്പാകെ ഹാജരാകാമെന്ന് സ്വയം വാഗ്ദാനം ചെയ്ത പ്രധാനമന്ത്രി എന്തുകൊ ് ജെ.പി.സിക്കു മുന്നിൽ ഹാജരാകാൻ തയ്യാറാകുന്നില്ല?

**ഈ ചോദ്യങ്ങൾക്കൊന്നും തൃപ്തികരമായ മറുപടിയില്ല.**

ആദ്യമായല്ല കോൺഗ്രസ് സർക്കാർ അഴിമതി ആരോപണം നേരിടുന്നത്. പരേതരായ രാജീവ് ഗാന്ധിയും പി.വി. നരസിംഹ റാവുവും നേതൃത്വം നൽകിയ കോൺഗ്രസ് സർക്കാരുകളും അഴിമതി ആരോപണങ്ങൾ നേരിട്ടിട്ടു്. രാജ്യത്തെ മൊത്തം സംവിധാനങ്ങളുടെയും നിലനിൽപ്പ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഇത്തവണ പക്ഷേ സ്ഥിതി തീർത്തും വിഭിന്നമാണ്. മൊത്തം സംവിധാനത്തിലുമുള്ള വിശ്വാസം ഇന്ത്യയിലെ ജനങ്ങൾക്ക് നഷ്ടമായിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാഗമായ മുഴുവൻ പേരും രാഷ്ട്രീയ നിലപാടുകൾക്ക് അതീതമായി രംഗത്തിറങ്ങി നമ്മുടെ രാഷ്ട്രീയ സംവിധാനത്തിന്റെ വിശ്വാസ്യത പുനഃസ്ഥാപിക്കണമെന്നാണ് ഉത്തരവാദിത്വപ്പെട്ട പ്രതിപക്ഷ പാർട്ടിയെന്ന നിലയിൽ ബി.ജെ.പിയുടെ അഭിപ്രായം. രാഷ്ട്രീയ സംവിധാനത്തിലുള്ള ജനങ്ങളുടെ വിശ്വാസം പുനഃസ്ഥാപിക്കാൻ പ്രധാനമന്ത്രി ചെയ്യേത് എന്തെന്ന് അദ്ദേഹം സ്വയം പുനർവിചിന്തനം നടത്തി തീരുമാനിക്കണമെന്നാണ് ബി.ജെ.പിയുടെ അഭ്യർത്ഥന.

ധാർമ്മിക ശക്തി പൂർണമായും നഷ്ടമായ സർക്കാർ സംഖ്യാബലം കൊു മാത്രമാണ് മുന്നോട്ടു പോകുന്നത്.

യു.പി.എയുടെ സംഖ്യാബലത്തിന് പ്രധാന അടിസ്ഥാനം ഉത്തർപ്രദേശിൽ നിന്നുള്ള ര ു രാഷ്ട്രീയ കക്ഷികളായ എസ്.പിയും ബി.എസ്.പിയുമാണ്.

രാജ്യത്തെ ഭരണ സംവിധാനത്തിന്റെ അപചയവും ജനങ്ങളുടെ സങ്കടങ്ങളും ഗൗരവമായി കാണുന്നുവെങ്കിൽ എസ്.പിയും ബി.എസ്.പിയും യു.പി.എയ്ക്കുള്ള പിന്തുണ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം, ഈ വിനാശകരമായ അവസ്ഥയ്ക്ക് അവരും ഉത്തരവാദികളാകേ വരും.

ശ്രീ. അശ്വിനികുമാറിന്റെയും ശ്രീ. പവൻകുമാർ ബൻസലിന്റെയും ഏറെ വൈകിയുള്ള രാജിയിലൂടെ നികത്താൻ കഴിയാത്തത്ര പടുകുഴിയിലാണ് യു.പി.എ സർക്കാരിന്റെ വിശ്വാസ്യത.

പാർലമെന്റിൽ ഉന്നയിക്കപ്പെടുന്ന എല്ലാ ആവശ്യങ്ങൾക്കും നേരെ സർക്കാരും അതിന്റെ മുഴുവൻ സംവിധാനങ്ങളും ബധിര കർണം കാണിക്കുന്ന അവസ്ഥയിൽ ജനങ്ങളിലേക്കു പോകാനാണ് ബി.ജെ.പിയുടെ ഇപ്പോഴത്തെ തീരുമാനം. യു.പി.എ സർക്കാരിന്റെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾക്കും വ്യാപകമായ അഴിമതിക്കുമെതിരെ 2013 മെയ് 27 മുതൽ ജൂൺ 02 വരെ 'ധർണ'കളും 'ജയിൽ നിറയ്ക്കൽ സമരങ്ങളു'മായി ബി.ജെ.പി ദേശവ്യാപകമായ പ്രക്ഷോഭവും ബോധവൽക്കരണ കാമ്പയിനും നടത്തും.

**ദേശ സുരക്ഷ അപകടത്തിൽ**

യു.പി.എ സർക്കാരിനു കീഴിൽ രാജ്യ സുരക്ഷ അപകടത്തിലായിരിക്കുന്നു. നമ്മുടെ രാജ്യാന്തര അതിർത്തികളിൽ നിരന്തരം നുഴഞ്ഞുകയറ്റമുാകുന്നു. ലഡാക്കിലെ ദൗലത്ത് ബെഗ് ഓൾഡി പ്രദേശത്തെ ഈയിടത്തെ കടന്നുകയറ്റം ഇതിന്റെ ഏറ്റവും ഗുരുതരമായ ഉദാഹരണമാണ്. യാതൊരു ഭയവുമില്ലാതെ ചൈനീസ് ഭടന്മാർ നമ്മുടെ ഭൂപ്രദേശത്തു കടന്നുകയറി ടെന്റുകൾ സ്ഥാപിച്ചു. സർക്കാരിന് രാഷ്ട്രീയ ഇച്ഛാശക്തി ഇല്ലാത്തതിനാൽ മൂന്നാഴ്ചയോളം പ്രശ്നം പരിഹൃതമാകാതെ തുടർന്നു. ചൈനയുമായുായിരുന്ന പ്രശ്നം പരിഹരിച്ചു എന്നാണ് സർക്കാർ അവകാശപ്പെടുന്നത്. പക്ഷേ, നമ്മുടെ ഭാഗത്തെ ചില പ്രതിരോധ സംവിധാനങ്ങൾ (ബങ്കറുകൾ) നീക്കാനും ചുമാർ താഴ്വരയിലെ പട്രോളിംഗ് കുറയ്ക്കാനും രഹസ്യ കരാറിന്റെ ഭാഗമായി സർക്കാർ സമ്മതിച്ചെന്ന് മാധ്യമ റിപ്പോർട്ടുകളു്. ദേശ സുരക്ഷയും പരമാധികാരവും സംബന്ധിച്ച വിഷയത്തിൽ സർക്കാരിന് മുഴുവൻ ധാർമ്മിക പിന്തുണയും നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ, എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് സർക്കാർ വ്യക്തമാക്കണം.

ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി വിദേശകാര്യ മന്ത്രി ശ്രീ. സൽമാൻ ഖുർഷിദ് ഈയാഴ്ച ബെയ്ജിംഗിലെത്തിരുന്നു. ചൈനീസ് കടന്നുകയറ്റം ഉൾപ്പെടെയുള്ള സുപ്രധാന കാര്യങ്ങൾ അദ്ദേഹം അവിടെ ഉന്നയിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ, നയതന്ത്ര സംഭാഷണങ്ങളിൽ പോലും അദ്ദേഹം അക്കാര്യം ഉന്നയിച്ചില്ലെന്ന അറിവ് ഞങ്ങളിൽ നിരാശയുളവാക്കി.

പി.എൽ.എയുടെ ലഡാക്കിലെ കടന്നുകയറ്റം ഒറ്റപ്പെട്ട സംഭവമായി കാണാൻ കഴിയില്ല. വിശാല അർത്ഥത്തിൽ നോക്കിയാൽ വ്യത്യസ്തമായ ചിത്രമാണ് കാണാൻ കഴിയുക. പാക്കിസ്ഥാനിലെ ഗ്വാദർ തുറമുഖത്തിന്റെ നിയന്ത്രണം ഏറ്റെടുക്കൽ, പാക് അധീന കാശ്മീരിൽ സ്വന്തം സേനയെ വിന്യസിക്കൽ, അരുണാചൽ പ്രദേശിനു മേൽ അവകാശം ഉന്നയിക്കൽ, ജമ്മു കാശ്മീരിൽ നിന്നുള്ളവർക്ക് സ്റ്റാപ്പിൾ ചെയ്ത വിസ നൽകൽ, ബ്രഹ്മപുത്രയുടെ ഒഴുക്ക് തടസപ്പെടുത്തൽ തുടങ്ങി ചൈന നടപ്പാക്കുന്ന കാര്യങ്ങൾക്കെല്ലാം ഒരു പ്രത്യേക ഘടനയു്. വലിയൊരു പദ്ധതിയുടെ ഭാഗമാണ് അതെന്നു തോന്നുന്നു. ഈ ഘടനയെ പ്രതിരോധിക്കുന്നതിലും ഇന്ത്യയുടെ പ്രതിരോധ താത്പര്യങ്ങൾ സംരക്ഷിക്കാൻ നയതന്ത്ര മാർഗങ്ങൾ കൈക്കൊള്ളുന്നതിലുമുള്ള യു.പി.എയുടെ പരാജയത്തിൽ ബി.ജെ.പി അതീവ ആശങ്ക രേഖപ്പെടുത്തുന്നു. ചൈന, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങി മാലദ്വീപിന്റെ കാര്യത്തിൽ വരെ യു.പി.എ സർക്കാരിനു കീഴിൽ ഇന്ത്യയുടെ നയതന്ത്ര പ്രാമുഖ്യത്തിന് ഇടിവു തട്ടി.

എൻ.ഡി.എ ഭരണകാലത്ത് ഇന്ത്യയുടെ വിദേശ നയം കരുത്തുറ്റതും പ്രായോഗികവുമായിരുന്നെന്നു മാത്രമല്ല, അവയ്ക്ക് അടിത്തറയായി ദീർഘവീക്ഷണത്തോടെയുള്ള ആശയങ്ങളുമുായിരുന്നു. ആ ഘടന യു.പി.എ സർക്കാർ സമ്പൂർണമായി തകർത്തിരിക്കുന്നു. ദുർബലമായ പ്രതിരോധ, നയതന്ത്ര നിലപാടുകളുള്ള ഇപ്പോഴത്തെ യു.പി.എ സർക്കാർ അധികാരത്തിൽ തുടർന്നാൽ 2014ൽ അഫ്ഗാനിസ്ഥാനിൽ നിന്ന് നാറ്റോ സൈന്യം പിൻമാറുമ്പോൾ നമ്മുടെ രാജ്യസുരക്ഷ കടുത്ത ഭീഷണിയിലാകുമെന്ന് എനിക്ക് ആശങ്കയു ്.

**(ഒ.പി. കോഹ്‌ലി)**

**കേന്ദ്രകാര്യാലയം ഇൻ ചാർജ്..**